*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം മാർച്ച് 3, 2004**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 26C

**2004 ഫെബ്രുവരിയിൽ വിദേശഭക്തരുമായി പ്രഫസർ അനിൽകുമാർ നടത്തിയ ഇന്റർവ്യൂ**

## എനിക്കു വേണ്ടത് ഒരു നിലനിൽക്കുന്ന മാറ്റം –ദുബ്രാവ്ക

എന്നിട്ട് ഞാൻ മൂന്നാമത്തെ വ്യക്തിയെ കണ്ടുമുട്ടി, ദുബ്രാവ്ക എന്നാണ് പേര്. അവർ ക്രൊയേഷ്യയിൽനിന്നാണ്, വിപുലമായ അനുഭവസമ്പത്തുള്ള ഒരു ബിസിനസ്സുകാരിയാണ്.



ക്രൊയേഷ്യൻ ക്വയർ: 2011 ഡിസംബർ

അനിൽ: ''സർ, താങ്കളിവിടെ ആദ്യമായിട്ടാണ് വരുന്നതെന്ന് ഞാൻ കരുതുന്നില്ല. ഞാൻ താങ്കളെ നോക്കുമ്പോൾ, താങ്കൾ ഒരു സീനിയർ ഭക്തനാണ് എന്നാണ് ഞാൻ ചിന്തിക്കുന്നത്. താങ്കളിവിടെ പല വട്ടം വന്നിട്ടുണ്ടാവണം. സ്വാമിയെക്കുറിച്ച് താങ്കൾ അറിയാനിടവന്നത് എങ്ങനെയെന്ന് ദയവുചെയ്ത് എന്നോട് വെളിപ്പെടുത്തുമോ?''

ദുബ്രാവ്ക: ''ശരിയാണ്! ഇതെന്റെ രണ്ടാമത്തെ ട്രിപ്പാണ്. ഇതെല്ലാം സ്വാമിയുടെ ഇച്ഛയും അവിടുത്തെ സങ്കൽപവും ആണ്. ക്രൊയേഷ്യയിൽ ഞാൻ സായിസെന്ററുകളിൽ ഊർജസ്വലമായി പങ്കെടുക്കാറുണ്ട്. അവിടെവച്ച് ഭഗവാന്റെ നിരവധി കാസറ്റുകൾ ഞാൻ കേട്ടിട്ടുണ്ട്. ഭഗവാന്റെ പല പ്രഭാഷണങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. സായിസാഹിത്യം എനിക്ക് പരിചിതമാണ്. ഭഗവാന്റെ പല വീഡിയോകളും ഞാൻ കണ്ടിട്ടുണ്ട്. ആ വീഡിയോകൾ കാണുമ്പോൾ ഞാൻ പ്രശാന്തിനിലയത്തിലേക്ക് കടത്തപ്പെട്ടതുപോലെയാണ് എനിക്ക് അനുഭവപ്പെടുക. ഈ കാര്യങ്ങൾ എന്നെ വാസ്തവമായും അതിശയിപ്പിക്കുന്നു. ഈ കാര്യങ്ങളൊക്കെ വലിയ തോതിൽ എന്റെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. മനുഷ്യരാശിയോ

ടുള്ള ഭഗവാന്റെ സേവനം സങ്കൽപാതീതമാണ്, സകല മാനങ്ങൾക്കും അപ്പുറത്താണ്. അവിടുത്തെ ത്യാഗമനോഭാവം എന്നെ ആകർഷിച്ചിരിക്കുന്നു.''

അനിൽ: ''സർ, ദയവായി ഒരു പ്രധാനപ്പെട്ട വൈയക്തികാനുഭവം എന്നോട് പറയുമോ?''

ദുബ്രാവ്ക: ''മി.അനിൽകുമാർ, താങ്കളെന്നെ വിശ്വസിക്കാൻ പോവുകയാണോ എന്ന് എനിക്കറിയില്ല, എന്നാൽ ഞാൻ നിങ്ങളോട് പറയുന്നത് വസ്തുതയാണ്. ക്രൊയേഷ്യയിൽ, ഞങ്ങൾ സായിസെന്ററിൽ ഇരിക്കുമ്പോൾ, ഒരു ഭജനയ്ക്കുശേഷം പെട്ടെന്ന്, എന്റെ മുമ്പിലായി ഞാൻ പ്രശാന്തിനിലയം കണ്ടു, ബാബ എല്ലാവർക്കും ദർശനം നൽകുന്നതും കണ്ടു. ആദ്യത്തെ ഭജനയുടെ അവസാനം, മുഴുവൻ പ്രശാന്തിനിലയവും ഞാൻ കണ്ടു, നിങ്ങൾ സ്ക്രീനിൽ ഒരു ഫിലിം കാണുന്നതുമാതിരി.''




ക്രൊയേഷ്യൻ കവി Mrs. Vesna Krmpotić (വലത്തു നിന്ന് രണ്ടാമത്)176 പുസ്തകങ്ങളുടെ രചയിതാവാണ്; ഇതിൽ സ്വാമിയുടെ 5 EHV ഗ്രന്ഥങ്ങളും ഉൾപ്പെടുന്നു

''മറ്റൊരു കാര്യവും സംഭവിക്കുകയുണ്ടായി. ഭജനകഴിഞ്ഞ് മടങ്ങിയെത്തിയപ്പോൾ, എന്റെ ഒരു ബന്ധുവിനെ സന്ദർശിക്കുന്നതിന് ഞാനാഗ്രഹിച്ചു. ഞാൻ പോവാൻ തീരുമാനിച്ചപ്പോൾ, അവിടുത്തെ രൂപം എന്റെ കൺമുമ്പിലായി ഞാൻ ദർശിക്കുകയുണ്ടായി. പിറ്റേന്നു കാലത്ത്, ഞാൻ അവനെ സന്ദർശിക്കുന്നതിനായി പുറപ്പെടുമ്പോൾ, എന്താണ് നടന്നതെന്നോ? ഞാൻ എന്റെ വാതിൽ തുറക്കുമ്പോൾ, ഈ ബന്ധു വാതിൽപ്പടിയിൽ നിൽക്കുന്നത് ഞാൻ കണ്ടു. എനിക്ക് അവന്റെയടുത്തേക്ക് പോവേണ്ടിവന്നില്ല. അവൻ എന്നെ കാണാനായി വന്നു. ഇക്കാര്യങ്ങളൊക്കെ ഭഗവാന്റെ കൃപകൊണ്ടാണ് നടന്നത്. ഇതൊക്കെ അവിടുത്തെ ഇച്ഛയായി ഞാൻ കരുതുന്നു. താങ്കൾ ഒരുപക്ഷേ അവിശ്വസിച്ചേക്കാവുന്ന നിരവധി അനുഭവങ്ങൾ എനിക്ക് വിശദീകരിക്കാനാവും. വാസ്തവത്തിൽ, എന്റെ സ്വന്തം അനുഭവങ്ങൾമൂലം ഞാൻ തികച്ചും ആശ്ചര്യഭരിതനും അത്ഭുതപരവശനുമാണ്.''

''ഞാൻ താങ്കളോട് മറ്റൊരു കാര്യം പറയട്ടെ. എന്റെ ജീവിതപങ്കാളി ഒരു മുസ്ലിം ആണ്, അദ്ദേഹത്തിന് ഭഗവാനിൽ യാതൊരു വിശ്വാസവുമില്ലായിരുന്നു. അദ്ദേഹത്തിന് ഈ

രാജ്യം സന്ദർശിക്കുന്നതിനുള്ള യാതൊരു ആശയവും ഒരിക്കലും ഉണ്ടായിരുന്നില്ല, പക്ഷേ സാവധാനം അദ്ദേഹവും ഒരു ഭക്തനായി മാറി. അദ്ദേഹം ഈ സ്ഥലം സന്ദർശിക്കണമെന്നും ഭഗവാനെ ദർശിക്കണമെന്നും ആഗ്രഹിക്കാൻ തുടങ്ങി. ഇത് സായിയുടെ ചമത്കാരമാണ്!"

അനിൽ: "താങ്കൾ ഭഗവാനെ ആദ്യമായി കണ്ടപ്പോൾ, എന്താണ് താങ്കൾക്ക് തോന്നിയത്?"

ദുബ്രാവ്ക: "എങ്ങനെയോ, എനിക്ക് അടുപ്പം തോന്നി. അതുമാത്രമല്ല, ഞാൻ സ്വാമിയെ കണ്ടപ്പോൾ, പ്രാപഞ്ചികോർജം(cosmic energy) എന്റെ ശരീരത്തിലേക്ക് കടന്നുവരുന്നത് എനിക്കനുഭവപ്പെട്ടു. ഒരു ആനയെപ്പോലെ ശക്തയാണ് ഞാനെന്ന് എനിക്കു തോന്നി. അതെ, എനിക്ക് നല്ല ശക്തി തോന്നുന്നു ഇപ്പോൾ. എന്റെ ധിഷണ ഉണർത്തപ്പെട്ടെന്ന് എനിക്കു തോന്നുന്നു. എന്റെ ഭക്തിക്ക് ഒരു വിസ്ഫോടനം സംഭവിച്ചതായി എനിക്കനുഭവപ്പെടുന്നു. എന്റെയുള്ളിൽ ഒരു വിരക്തിയുടെ, വിവേചനത്തിന്റെ ഭാവം എനിക്കനുഭവപ്പെ




ടുന്നു. ഇതെല്ലാം ഭഗവാന്റെ ദയയും കാരുണ്യവും കാരണമാണ്."

അനിൽ: "താങ്കളുടെ നാട്ടിലേക്ക് എത്തിക്കഴിഞ്ഞാൽ താങ്കൾ എങ്ങനെയായിത്തീരാനാണ് ആഗ്രഹിക്കുന്നത്? താങ്കളുടെ പ്രശാന്തിനിലയസന്ദർശനത്തിന്റെ സ്വാധീനത്താൽ, വീട്ടിലെത്തിയിട്ട്, താങ്കൾ എങ്ങനെയായിത്തീരാനാണ് ആഗ്രഹിക്കുന്നത്?"

ദുബ്രാവ്ക: "മി.അനിൽകുമാർ, താങ്കൾക്കിതിനെ എന്തു വേണമെങ്കിലും വിളിക്കാം-ആത്മപരിശോധന, സ്വയം വിലയിരുത്തൽ, ആത്മാന്വേഷണം. ഞാൻ എന്റെ സ്വന്തം ജീവിതത്തിന്റെ കണക്കെടുപ്പിന് ആഗ്രഹിക്കുകയാണ്. എന്റെ സ്വന്തം ജീവിതത്തിന്റെ മൂല്യനിർണയനം ഞാൻ ആഗ്രഹിക്കുകയാണ്. ആത്മാന്വേഷണത്തിന്റെ വഴിയേ മുന്നേറണമെന്ന് ഞാൻ വിചാരിക്കുകയാണ്. അതാണെന്റെ തീരുമാനം. ഞാൻ കൂടുതൽ ദയാലുവും കൂടുതൽ കരുണയുള്ളവനും ഓരോരുത്തരോടും കരുതൽ കാട്ടുന്നവനും ആവണമെന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്. ഈ ദിവസം മുതൽക്ക്, മുമ്പെന്നത്തേക്കാളും കൂടുതലായി മൃദുവായും മധുരമായും സംസാരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇവിടെയെത്തിയ സ്ഥിതിക്ക്, എന്റെയുള്ളിൽ എന്തു മാറ്റം കൊണ്ടുവരാനാവുമെന്ന് ഞാൻ പരിശോധിക്കുക

യാണ്. ആദ്ധ്യാത്മിക പുരോഗതിക്കായി എനിക്ക് കഠിനപ്രയത്നം ചെയ്യേണ്ടിയിരിക്കുന്നു, ലൗകിക നേട്ടങ്ങൾക്കായല്ല.''

''നമ്മുടെ നിരവധി ഭക്തരെ കാണുമ്പോളും, അവരിലെ മാറ്റം താൽക്കാലികമാണെന്ന്, നൈമിഷികമാണെന്ന്, വൈകാരികമാണെന്ന്, ഞാൻ കാണാറുണ്ട്. അത്തരം മാറ്റത്തിന് ഞാനാഗ്രഹിക്കുന്നില്ല. സ്വയം, പരിണമിച്ച ഒരു ആത്മാവായിത്തീരത്തക്കവിധം, സ്ഥായിയായ ഒരു മാറ്റമാണ്, എന്നേക്കുമായി നിലനിൽക്കുന്ന മാറ്റമാണ് എനിക്ക് വേണ്ടത്. ഈ ബന്ധനത്തിൽനിന്ന് എങ്ങനെ മോചനം നേടാം എന്നതാണ് എന്റെ അടിയന്തരമായുള്ള ചിന്ത. എങ്ങനെ മുക്തി നേടാം? എന്റെ അഭിലാഷങ്ങൾക്ക് അനുസൃതമായി എന്റെ ജീവിതം എപ്രകാരം വാർത്തെടുക്കാം? ഇതാണ് എന്റെ നിലവിലുള്ള സ്ഥിതി?''

അനിൽ: ''നിങ്ങളോരോരുത്തരും പറഞ്ഞത് സത്യമാണ്. ഓരോന്നും നടക്കുന്നത് ഭഗവാന്റെ ഇച്ഛയാലാണ്. എന്നിരുന്നാലും, നമുക്ക് നമ്മുടേതായ പ്ലാനുകളുണ്ട്; നമുക്ക് നമ്മുടേതായ ആശയങ്ങളുണ്ട്. നമ്മളും നമ്മുടേതായ പരിശ്രമം നടത്തണം എന്ന് നീ കരുതുന്നില്ലേ? നിങ്ങൾ അപ്രകാരം ചിന്തിക്കുന്നില്ലേ? നമ്മുടെ പരിശ്രമത്തിനുവേണ്ടി, നാം അവിടുത്തെ കൃപയ്ക്കായി പ്രാർത്ഥിക്കുന്നു.''

ഒരു ചോദ്യം കൂടി, ''താങ്കൾ ഇനി എന്നാണ് പ്രശാന്തിനിലയത്തിലേക്ക് തിരികെ വരാൻ ആഗ്രഹിക്കുന്നത്?''




ദുബ്രാവ്ക: ''മി.അനിൽകുമാർ, ആ ചിന്ത എന്റെ മനസ്സിൽ ഉയരുന്നതേയില്ല. എന്തുകൊണ്ടാണെന്നോ? ഞാൻ എന്റെ രാജ്യത്ത് സ്വാമിയെ അനുഭവിക്കുന്നുണ്ട്. അവിടെ, എന്റെ ഗൃഹത്തിൽ, ഞാൻ സ്വാമിയെ അനുഭവിക്കുന്നുണ്ട്. എന്റെ ഹൃദയത്തിൽ ഞാൻ സ്വാമിയെ അനുഭവിക്കുന്നുണ്ട്. അതുകൊണ്ട്, എന്റെ അടുത്ത ട്രിപ്പിനെപ്പറ്റിയുള്ള ചിന്ത ഉദിക്കുന്നേയില്ല. ഓരോയിടത്തും, വൈദ്യുത-കാന്തിക തരംഗങ്ങളേക്കാൾ ശക്തമായ ദിവ്യ പ്രകമ്പനങ്ങൾ ഞാൻ അനുഭവിക്കുന്നു. അവ

യൊക്കെ ഞങ്ങൾക്ക് അനുഭവമാണ്. താങ്കളോട് സത്യസന്ധമായി പറയട്ടെ, ഇവിടുത്തേതിനേക്കാൾ ഞങ്ങൾ സാമീപ്യം അനുഭവിക്കുന്നത് അവിടെയാണ്. സ്വാമിയിൽനിന്ന് നമുക്ക് ലഭിക്കുന്ന ദിവ്യോർജം എത്രയെന്ന് എനിക്ക് അളക്കാനാവില്ല. ഞങ്ങളുടെ രാജ്യത്തെ ചമത്കാരങ്ങളും ഞങ്ങളുടെ സകല അനുഭവങ്ങളും ദിനംതോറും ഞങ്ങളുടെ വിശ്വാസം ബലപ്പെടുത്തുന്നു. മുമ്പത്തേക്കാളും ഞങ്ങൾ വിശ്വാസത്തിൽ ശക്തിയുള്ളവരാണ്. സ്വാമി എവിടെയാണ് ഇല്ലാത്തതെന്ന് താങ്കൾക്ക് ദയവായി എന്നോട് പറയാനാവുമോ? സ്വാമി ഓരോയിടത്തും ഉണ്ട്, അത് ക്രൊയേഷ്യയാവട്ടെ മലേഷ്യയാവട്ടെ. അവിടുന്ന് എല്ലായിടത്തുമുണ്ട്! ഞാൻ അവിടുത്തെ മഹിമ കീർത്തിക്കുന്ന നിമിഷം, പെട്ടെന്ന് ഞാൻ അവിടുന്നിനെ അനുഭവിക്കുന്നു. ഇതിലേറെ എനിക്കെന്തുവേണം?''

## അവിടുന്ന് നേരത്തേതന്നെ എന്റെ ഉള്ളിലുണ്ട് – ഫെവറിൻ

എന്നിട്ട് ഞാൻ നാലാമത്തെ മാന്യനെ കണ്ടുമുട്ടി, ഫെവറിൻ എന്നു പേരുള്ള മനുഷ്യൻ. അദ്ദേഹം സ്ലൊവേനിയയിൽനിന്നാണ്. അദ്ദേഹം ഒരു ചെറുപ്പക്കാരനാണ്, വളരെയധികം അന്തർമുഖനാണ്. ബാക്കിയെല്ലാവരും ചിരിച്ച്, തമാശ പറയുകയും ആസ്വദിക്കുകയും ചെയ്യുമ്പോൾ, ഈ മനുഷ്യൻ തികച്ചും ഗൗരവത്തോടെ, തികച്ചും



ചിന്താഭരിതനായി, ധ്യാനനിരതനും ആലോചനാമഗ്നനായും കാണപ്പെട്ടു. ഓ! ഞാൻ കൂടുതൽ ചോദ്യങ്ങൾ ചോദിക്കുന്നത് ഇദ്ദേഹത്തിന് ഇഷ്ടമാവില്ല എന്ന് ഞാൻ ഊഹിക്കുകയുണ്ടായി.

ഞാൻ അദ്ദേഹത്തിനു നേരേ തിരിഞ്ഞപ്പോൾ, അദ്ദേഹം പറഞ്ഞു, “സാർ, കൂടുതൽ സംസാരിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. ദയവായി ഏറെ ചോദ്യങ്ങൾ ചോദിക്കരുത്.

എന്റെ ആഗ്രഹം ഈ സ്ഥലത്തുനിന്നും, ഇവിടെയുള്ള ഭക്തരിൽനിന്നും പഠിക്കുന്നതിനാണ്. അത്രമാത്രം. എന്റെ ഒരേയൊരു സാധനയെന്നത്, എന്റെ ഇവിടുത്തെ വാസത്തിനിടയ്ക്കുള്ള സന്തോഷകരമായ നിമിഷങ്ങൾ വീണ്ടും വീണ്ടും ഓർക്കുക, പുനർചിന്തനം നടത്തുക എന്നതാണ്. അത്രയേയുള്ളൂ.''

ഞാൻ പറഞ്ഞു, ''ശരി! പക്ഷേ, ഞാൻ കുറച്ചു ചോദ്യങ്ങൾ മാത്രം ചോദിക്കാം, കൂടുതൽ ഇല്ല; വിഷമിക്കേണ്ട!''

അനിൽ: ''യുവാവേ, താങ്കൾ പറഞ്ഞത് തികച്ചും ശരിയാണ്. കൂടുതൽ സംസാരിക്കുന്നത് ഇഷ്ടപ്പെടുന്നില്ല എന്നാണല്ലോ താങ്കൾ പറഞ്ഞത്. നമ്മൾ കൂടുതൽ പ്രവൃത്തി ചെയ്യുകയും കുറച്ചുമാത്രം സംസാരിക്കുകയും ചെയ്യണം എന്നാണ് സ്വാമിയും ആഗ്രഹിക്കുന്നത്. സ്വാമി വാസ്തവത്തിൽ അത് ഇഷ്ടപ്പെടുന്നു. താങ്കൾ വാസ്തവമായും സ്വാമിയുടെ പ്രബോധനങ്ങൾ പിന്തുടരുകയാണ്. എനിക്ക് മനസ്സിലാവും. വാസ്തവത്തിൽ, താങ്കളെ കാണുമ്പോൾ, ഞങ്ങളെല്ലാവരേക്കാളും സ്വാമിയുടെ പ്രബോധനങ്ങൾ പരിശീലിക്കുന്നത് താങ്കളാണെന്ന് എനിക്ക് തോന്നുന്നു. അതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. എന്നാൽ, ആകാംക്ഷ കൊണ്ടാണ്, ഞാൻ താങ്കളുടെ ആദ്ധ്യാത്മികാനുഭവങ്ങളെപ്പറ്റി അറിയാനാഗ്രഹിക്കുന്നു, താങ്കൾക്ക് വിരോധമില്ലെങ്കിൽ അതൊന്ന് ചുരുക്കിപ്പറയുമോ?''




ഫെവറിൻ: ''ഞാൻ കഴിഞ്ഞ പത്ത് കൊല്ലങ്ങളായി ഈ സ്ഥലം സന്ദർശിക്കുകയാണ്.''(തികച്ചും യുവാവാണ് ഇദ്ദേഹം! ഹോ! നല്ലത്!)

"സ്ലൊവേനിയയിൽവച്ച് ഞാൻ ഭഗവാന്റെ വീഡിയോ കണ്ടിട്ടുണ്ട്. ആ വീഡിയോയിൽ, പോയ നാളുകളിൽ, ഭഗവാൻ വിഭൂതിവർഷത്താൽ ഷിർദിസായി വിഗ്രഹത്തിൽ അഭിഷേകം നടത്തുന്നത് കാണാൻ ഞങ്ങൾക്ക് കഴിഞ്ഞു. സ്വാമി കുങ്കുമവും മഞ്ഞളും സൃഷ്ടിച്ച് അത് ഷിർദി വിഗ്രഹത്തിൽ വിതറുന്നതും ഞാൻ കാണുകയുണ്ടായി. ആ ദൃശ്യം എന്റെ ശ്രദ്ധയെ ആകർഷിച്ചു. അതാണ് എന്നെ ആദ്യമായി ഭഗവാന്റെ സമീപത്തേക്ക് കൊണ്ടുവന്നത്."



"പിന്നെ എനിക്ക് ആദ്ധ്യാത്മികതയിൽ താത്പര്യം വളർന്നു. ആദ്ധ്യാത്മികസത്യങ്ങൾ അറിയുന്നതിന് ഞാൻ ആഗ്രഹിച്ചു. ഞാൻ ഭഗവാന്റെ ഒട്ടുമിക്ക പുസ്തകങ്ങളും വായിച്ചിട്ടുണ്ട്. ഞാൻ അവിടുത്തെ സന്ദേശങ്ങൾ ശ്രവിച്ചിട്ടുണ്ട്, ഞാൻ സായി സെന്റർ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നുണ്ട്. ഞാൻ ഓരോ വർഷവും നിർബന്ധമായും പ്രശാന്തിനിലയം സന്ദർശിക്കുന്നു. കഴിഞ്ഞ പത്ത് വർഷങ്ങളായി ഞാനിത് ഏറ്റവും മതപരമായി അനുഷ്ഠിച്ചുവരുന്നു."

(ബാബയുടെ സാഹിത്യം താൻ വായിച്ചിട്ടുണ്ടെന്നും പത്ത് കൊല്ലമായി താൻ ഈ സ്ഥലം സന്ദർശിക്കുന്നുവെന്നും പറഞ്ഞതിലൂടെ, അദ്ദേഹം വ്യത്യസ്ത തലത്തിലുള്ളയാളാണെന്ന് എനിക്ക് മനസ്സിലാക്കാനായി. അപ്പോൾ, ഞാൻ മറ്റൊരു ചോദ്യം ചോദിക്കാമെന്ന് കരുതി.)

അനിൽ: “സ്വാമി താങ്കളുടെ ജീവിതത്തിൽ കടന്നുവന്നത് എങ്ങനെയെന്ന് എന്നോട് പറയുമോ?” (മറുപടി കാണുക; അദ്ദേഹമിത് പറഞ്ഞത് ഒരു വെടിയുണ്ട കണക്കെയാണ്. അതു കേട്ടിട്ട് എനിക്കെന്റെ വായ തുറക്കാനായില്ല. അദ്ദേഹം പറഞ്ഞതെന്തെന്ന് നിങ്ങൾക്കറിയണോ?)

ഫെവറിൻ: “മി. കുമാർ, സ്വാമി എന്റെ ജീവിതത്തിലേക്ക് കടന്നുവന്നതെങ്ങനെയെന്ന് താങ്കൾ ചോദിക്കുന്നു? ഇല്ല! സ്വാമി മുമ്പുതന്നെ എന്നിൽ ഉണ്ടായിരുന്നു. സ്വാമി എന്റെ ജീവിതത്തിലേക്ക് കടന്നുവരുന്ന പ്രശ്നം ഉദിക്കുന്നതെങ്ങനെ? അവിടുന്ന് നേരത്തേ തന്നെ അവിടെയുണ്ട്.” (അദ്ദേഹത്തിൽനിന്ന് ആ മറുപടി കേട്ടത് എനിക്ക് ഏതാണ്ടൊരു ഇലക്ട്രിക് ഷോക്ക് പോലെയായിരുന്നു. അദ്ദേഹത്തിന്റെ ധിഷണയ്ക്ക് നമസ്കാരം! ബാബ അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ!)

“സ്വാമി അകത്തും പുറത്തുമുള്ളപ്പോൾ, സ്വാമി എല്ലായിടത്തുമുള്ളപ്പോൾ, താങ്കളുടെ ചോദ്യത്തിന് പ്രസക്തിയില്ല, എന്തുകൊണ്ടെന്നാൽ അവിടുന്ന് എല്ലായിടത്തുമുണ്ട്. അത് യുദ്ധകാലമായിരുന്നു, ഞങ്ങൾക്ക് ഞങ്ങളുടെ കുടുംബത്തെ മാറ്റേണ്ടിയിരുന്നു. സ്വാമി ഞങ്ങളുടെ കുടുംബത്തിലെ എല്ലാവരെയും രക്ഷിച്ചു. ഞങ്ങൾ അവിടുത്തോട് വളരെ നന്ദിയുള്ളവരാണ്; ഞങ്ങൾ അവിടുത്തോട് വളരെ കടപ്പെട്ടവരാണ്. ഇന്ന് ഞങ്ങൾ സുരക്ഷിതരും ആപത്തില്ലാത്തവരും ആണെങ്കിൽ, അത് ഭഗവാന്റെ കൃപകൊണ്ടാണ്, കാരണം യുദ്ധത്തിനിടയ്ക്ക് ഞങ്ങൾക്ക് വീടുകളിൽനിന്ന് പലായനം ചെയ്യേണ്ടിവന്നിരുന്നു. ആ വെല്ലുവിളി നിറഞ്ഞ, പരീ ക്ഷണ നിമിഷങ്ങളിൽ, സ്വാമി ഞങ്ങളുടെ രക്ഷയ്ക്കെത്തി. സ്വാമി എനിക്ക് വഴികാട്ടുന്നു എന്നാണ് എനിക്ക് വ്യക്തിപരമായി തോന്നിയിട്ടുള്ളത്. ഓരോ ദിവസവും അവിടുന്ന് എന്നെ നയിക്കുന്നു. അതാണെന്റെ തോന്നൽ.”




സ്ലൊവേനിയയിൽ രുദ്രം ശില്പശാല-വാജ്കോ 2 ഒക്ടോബർ 2010

അനിൽ: "യുവാവേ, എനിക്കറിയാം, തുടക്കത്തിൽത്തന്നെ താങ്കൾ പറഞ്ഞല്ലോ, കൂടുതൽ ചോദ്യങ്ങൾക്ക് മറുപടി തരുന്നതിന് താങ്കൾ ഒരുക്കമല്ലായെന്ന്, അതുകൊണ്ട് ഇതാണ് അവസാനചോദ്യം. ദയവായി എനിക്ക് മറുപടി തന്നാലും. എന്തൊക്കെയാണ് താങ്കളുടെ ഭാവിപദ്ധതികൾ?"

ഫെവറിൻ: "ഭഗവാനുമായി അടുക്കുന്നതിനും സമീപത്താവുന്നതിനുമായി, ഞാൻ ഇന്നു വരെ വായിച്ച സകലതും പരിശീലിക്കാനും അനുഭവിക്കാനും ഞാൻ ആഗ്രഹിക്കുന്നു. എന്താണ് എന്നെ പ്രഭുവിനോട് അടുപ്പിക്കുന്നത്? അവിടുന്നിനെ അനുഭവിപ്പിക്കുന്ന തെന്താണ്? കൂടുതൽ കൂടുതലായി സായി-ബോധം(Sai-awareness), സായിപ്രജ്ഞ(Sai-consciousness) വികസിപ്പിക്കണം എന്നാണ് ഇപ്പോഴത്തെ എന്റെ ആകാംക്ഷ."

"വാസ്തവത്തിൽ, സായിദർശനത്തിന് നിരവധി പ്രയോജനങ്ങളുമുണ്ട്. 'ഇന്നു കാലത്ത് എനിക്ക് ദർശനം ലഭിച്ചു' എന്നുമാത്രമാണ് നിങ്ങൾ വിചാരിക്കുന്നത്, പക്ഷേ സ്വാമിയുടെ




ദർശനത്തിന്റെ ശരിയായ ആഴവും പ്രാധാന്യവും നിങ്ങൾ മനസ്സിലാക്കുന്നില്ല. അവിടുത്തെ ദർശനം നമുക്ക് നന്നായി പ്രയോജനപ്പെട്ടിട്ടില്ല എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്, ഇതിനു കാരണം നമ്മുടെ ന്യൂനതകൾ, പോരായ്മകൾ, വീഴ്ചകൾ ആണ്. അവിടുത്തെ ദിവ്യദർശനം നമുക്ക് നൂറു ശതമാനം പ്രയോജനകരമാവണമെങ്കിൽ നാം പവിത്രരാവണം. നമ്മുടെ മമത, അഹം, നമ്മുടെ സ്വാർത്ഥത, വിദ്വേഷം, അസൂയ എല്ലാ മാണ് നമ്മുടെ ശിരസ്സിൽ. അതുകൊണ്ടാണ് നമുക്ക് ഭഗവാന്റെ ദർശനത്തിന്റെ പൂർണമായ പ്രയോജനം ലഭിക്കാത്തത്. അതാണെന്റെ അഭിപ്രായം. നമ്മുടെ അടിയന്തരസാധന ഈ വീഴ്ചകളിൽനിന്ന് മുക്തി നേടുക എന്നതാവണം, ഞാനീ ജോലി നേരത്തേ ആരംഭിച്ചുക ഴിഞ്ഞു."

അവസാനമായി, ഒരു കുറിപ്പോടെ ഞാനിത് അവസാനിപ്പിക്കട്ടെ: ഇന്നുവരെ, ധാരാളം ആളുകൾ എന്നെ ഇന്റർവ്യൂ ചെയ്തിട്ടുണ്ട്-ജേർണലിസ്റ്റുകൾ, റേഡിയോ, ടി.വി കക്ഷി കൾ, എന്നാൽ ഞാൻ ആരെയും ഇന്റർവ്യൂ ചെയ്തിട്ടില്ല. ബോസ്നിയ, സ്ലൊവേനിയ, ക്രൊയേഷ്യ, സെർബിയ ഇവിടങ്ങളിൽനിന്നുള്ള ഒരുവനെ ഞാനെങ്ങനെ കണ്ടുമുട്ടാനാ ണ്, അവർ ദയാപൂർവം എന്റെ ചോദ്യങ്ങൾക്ക് മറുപടി തരാനാണ്? ഭഗവാന്റെ കൃപയും

ഭഗവാന്റെ ഇച്ഛയും മൂലമാണ് അത് സാധ്യമായത് എന്ന് ഞാൻ ആത്മാർത്ഥമായും വിശ്വസിക്കുന്നു, അതുകൊണ്ടാണിത് എനിക്കിത് സ്വാമിയുമായും ഇവിടെയുള്ള നിങ്ങളോരോരുത്തരുമായും പങ്കുവയ്ക്കാനായത്.

(തുടരും)



**പ്രൊഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)